## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2335          08.03.2017 ൽ മറുപടിയ്ക്ക്**

## അനർട്ട് ഡയറക്ടറെ നിയമിക്കാനുള്ള അധികാരം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | അനർട്ട് ഡയറക്ടറെ നിയമിക്കാനുള്ള അധികാരം ആർക്കാണ്; നിയമനത്തിന് വേണ്ട യോഗ്യതകൾ എന്തെല്ലാം; | (എ) | അനർട്ട് ഡയറക്ടറെ നിയമിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡയറക്ടറുടെ ചുമതല നൽകുന്നതിന് പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടില്ല . എന്നാൽ നേരിട്ടുള്ള നിയമനത്തിന് 28.2.2014-ലെ സ.ഉ. (എം.എസ്) നം.5/2014/ഊ.വ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br>Qualification<br>B.Tech in Engineering with Ph.D in Renewable Energy<br>or<br>Masters Degree in Physical / Natural Science with Ph.D in Renewable Energy.<br>Experience : 20 years minimum<br>Age: Between 50 and 58 years. |
| (ബി) | നിലവിലെ ഡയറക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; എത്ര പേർ അപേക്ഷ നൽകി; അപേക്ഷകരുടെ വിശദ വിവരങ്ങൾ നൽകാമോ; | (ബി) | നിലവിൽ ഡയറക്ടറുടെ ചുമതല ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നൽകിയിട്ടുള്ളതാണ്. നേരിട്ടുള്ള നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | ഡയറക്ടർ നിയമനത്തിനായി 28.2.2014 ലെ GO(MS)No. 5/2014/PD നമ്പർ ഉത്തരവിൽ പറയുന്ന കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ആഫീസർ